അന്വേഷണം പൂർത്തിയാക്കി ഡ്രാഫ്റ്റ് ചാർജ്ജ് തയ്യാറാക്കി പബ്ലിക് പ്രോസിക്യൂട്ടറുടെ അപ്രൂവലിന് അയച്ചിട്ടുള്ളതാണ്. ഇരുകൂട്ടരും ബന്ധുക്കളും പുലയ സമുദായക്കാരുമായതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

110 (2423) ലോക് ആയുക്തയുടെ മുൻപാകെ സമർപ്പിക്കുന്ന കേസ്സുകൾ മനുഷ്യാവകാശ കമ്മീഷന് കൈമാറിയ സംഭവം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോക് ആയുക്തയുടെ മുൻപാകെ സമർപ്പിക്കുന്ന കേസ്സുകൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് കൈമാറിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കേസ്സുകൾ;

(സി) ഈ കേസ്സുകൾ ലോകാ ആയുക്ത് മുൻപാകെ സമർപ്പിച്ചത് ആരാണ്;

(ഡി) ആർക്കെതിരെയാണ് പ്രസ്തുത കേസ്സുകൾ സമർപ്പിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത കേസ്സിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ എന്തെല്ലാമാണെന്നു പറയുമോ;

(എഫ്) ഈ കേസ്സുകൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് കൈമാറുവാനുള്ള കാരണമെന്തെന്ന് പറയുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ 1999-ലെ ലോക് ആയുക്ത ആക്ട് സെക്ഷൻ 9(2) പ്രകാരം പരാതികൾ ഫയലാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർദ്ദിഷ്ട ഫോറത്തിൽ ഫയലാക്കിയ ഒരു പരാതിയും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഇതുവരെ കൈമാറിയിട്ടില്ല.

111 (2424) കുടുംബകോടതിയിൽ കേസ്സ് ഫയൽ കാണാതെപോയി എന്ന പരാതി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല കണ്ണമ്പ വേണു സദനിൽ ശ്രീമതി വിജയകുമാരിയുടെ ഭർത്താവ് ശ്രീ. ശശിധരൻ നായർക്ക് എതിരെ എം.സി. 391/94 നമ്പരായി തിരുവനന്തപുരം കുടുംബകോടതിയിൽ ഫയൽ ചെയ്തുവിചാരണ നടന്നുവരവെ കേസ്സ് ഫയൽ കോടതയിൽ കാണുന്നില്ല എന്നുള്ള 13-1-2000-ത്തിൽ നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എസ്. 345/94 സി.എം.പി. 533/96 എന്നീ നമ്പരുള്ള കേസ്സുകളുടെ ഫയലുകൾ കണ്ടെത്തി അന്തിമ തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ഹൈക്കോടതിയുടെമേൽ നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(സി) കുടുംബകോടതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഇക്കാര്യത്തിൽമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

112 (2425) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനത്തിലെ സംവരണം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനത്തിന് 1999 നവംബർ മാസത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതും നിയമനം നടത്തിയതും സുപ്രീം കോടതി വിധിയുടെയും ജോസഫ് കമ്മിഷന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിലുള്ള സംവരണതത്വം പാലിച്ചുകൊണ്ടായിരുന്നോ;

(ബി) അല്ലെങ്കിൽ പ്രസ്തുത സംവരണനയം മുൻസിഫ് - മജിസ്ട്രേറ്റു നിയമനങ്ങളിൽ മാത്രം പാലിക്കപ്പെടാതിരിക്കാൻ കാരണം എന്താണ്;

(സി) മുൻസിഫ് മജിസ്ട്രേറ്റ് നിയമനങ്ങളിൽ സംവരണതത്വം പാലിക്കേണ്ടതില്ലാ എന്ന് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള റാങ്ക്ലിസ്റ്റ് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) മുൻസിഫ് - മജിസ്ട്രേറ്റ് നിയമനം നടത്തുന്നത് പി.എസ്.സി. യല്ല.

(ബി) സുപ്രീംകോടതിയുടെ മേൽത്തട്ടു വ്യവസ്ഥ സംബന്ധിച്ച വിധി പ്രസ്താവിക്കുന്നതിന് മുമ്പാണ് ഹൈക്കോടതി റാങ്ക്ലിസ്റ്റ് തയ്യാറാക്കിയതും അതിൻപ്രാകാരം നിയമനം നടത്തിയതും.

(സി) ഇല്ല.

(ഡി) സുപ്രീം കോടതി വിധിക്ക് മുൻകാല പ്രാബല്യമില്ലാത്തതിനാൽ റാങ്ക് ലിസ്റ്റ് പുനഃപരിശോധിക്കേണ്ട ആവശ്യകതയില്ല.

113 (2426) കണ്ണൂർ ജില്ലയിൽ അനുവദിച്ച കുടുംബകോടതി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ അനുവദിച്ച കുടുംബകോടതി എവിടെ സ്ഥാപിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(ബി) നിർദ്ദിഷ്ട കോടതി കണ്ണൂർ നഗരത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly